പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5756 — 29.7.2015-ലെ മറുപടിക്ക്

## ഇ-പ്രിസൺസ്

ചോദ്യം
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.എം.എ.വാഹീദ്
ശ്രീ.എം.പി.വിൻസെന്റ്
ശ്രീ.സണ്ണി ജോസഫ്

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിൽ വകുപ്പിനെ ഇ-പ്രിസൺസ് ഗണത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി): ഇ-പ്രിസൺസ് പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു:<br>(1) സെൻട്രൽ ജയിൽ, തുറന്ന ജയിൽ, ജില്ലാ ജയിൽ, വനിതാ ജയിൽ, സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ തുടങ്ങി എല്ലാ ജയിലുകളെയും സംബന്ധിച്ച വിവരം ജയിൽ ആസ്ഥാനകാര്യാലയത്തിലെ കംപ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുക;<br>2) ജയിലുകളിൽ പാർപ്പിച്ചിട്ടുള്ള തടവുകാരെയും അവരുടെ ക്രൈമും സംബന്ധിച്ച വിവരം തയ്യാറാക്കുക;<br>3) ക്രിമിനൽ ജസ്റ്റിസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി, സംസ്ഥാന പോലീസ്, മറ്റ് അന്വേഷണ ഏജൻസികൾ, കോടതികൾ തുടങ്ങിയവയുമായി ബന്ധിപ്പിക്കുക;<br>4) വിവിധ സംസ്ഥാനങ്ങളുടെയും, പോലീസ്, അന്വേഷണ ഏജൻസികൾ എന്നിവയുടെയും കൈവശമുള്ള വിവരം, തടവുകാരെ സന്ദർശിക്കുന്നവരെ സംബന്ധിച്ച വിവരം, ഫോട്ടോഗ്രാഫുകൾ എന്നിവ അന്വേഷണ ആവശ്യങ്ങൾക്കായി പരസ്പരം കൈമാറുക;<br>5) CrPC 436, 436(A) വകുപ്പുകൾ പ്രകാരം ജാമ്യത്തിനും, ജയിലിൽ നിന്നും വിടുതലിനും അർഹതയുള്ള തടവുകാരുടെ വിവരങ്ങൾ ലഭ്യമാക്കുക. CrPC 441 (A) വളരെ വേഗത്തിലും സുഗമമായും നടപ്പിലാക്കുക;<br>6) ജയിൽ അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ട കേന്ദ്ര, സംസ്ഥാന, ജില്ലാ തലത്തിലുള്ള എല്ലാ ഓഫീസുകളെയും തമ്മിൽ ബന്ധിപ്പിക്കുക. |

| | |
|---|---|
| സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) ഇ-പ്രിസൺസ് പദ്ധതി നടപ്പിലാക്കുന്നതിനായി 13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 9.5 ലക്ഷം രൂപ വകയിരുത്തുകയും, പദ്ധതി നടപ്പാക്കുന്നതിനായി ടി തുക നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ